അഡ്വൈസറി ബോർഡിനു പോകണം. അതിപ്പോഴും അഡ്വൈസറി ബോർഡിലേക്ക് പോകുന്ന സ്റ്റേറ്റേജിലാണ്. അഡ്വൈസറി ബോർഡിന്റെ അഡ്വൈസ് കിട്ടിയശേഷം മാത്രമേ മിനിമം വേജസ് ആക്ട് അനുസരിച്ച് സർക്കാരിന് ഫൈനൽ നോട്ടിഫിക്കേഷൻ ഇഷ്യു ചെയ്യാനുള്ള അധികാരമുള്ളു. ഇപ്പോഴും അതിന്റെ പ്രോസസിലാണ്. അഡ്വൈസറി ബോർഡിന്റെ അഡ്വൈസ് കിട്ടിക്കഴിഞ്ഞാലുടനെതന്നെ മിനിമം വേജസ് നോട്ടിഫൈ ചെയ്യുമെന്ന് മെമ്പർക്ക് ഉറപ്പ് നൽകുകയാണ്. സർക്കാരിന്റെ ഭാഗത്തുനിന്നും കാലതാമസമുണ്ടായില്ല. രണ്ടാമത് പറഞ്ഞത് ക്ഷേമനിധിയെ സംബന്ധിച്ചാണ്. ഇതു സംബന്ധിച്ച് ഒരു നിയമ നിർമ്മാണം നടത്താൻ ഗവൺമെന്റ് ആലോചിക്കുന്നുണ്ട്. ആ കാര്യം ഗവർണ്ണറുടെ നയപ്രഖ്യാപന പ്രസംഗത്തിൽ പറഞ്ഞിട്ടുണ്ട്. അത് ഞാൻ നിയമസഭയിൽ നേരത്തെ പറഞ്ഞതാണ്, അതിന്റെ ഡ്രാഫ്റ്റ് ആയിക്കഴിഞ്ഞു. അത് കൺകറന്റ് ലിസ്റ്റിലായതുകൊണ്ട് സെൻട്രൽ ഗവൺമെന്റിന്റെ അനുവാദം ആവശ്യമാണ്. അങ്ങ് കഴിഞ്ഞ പ്രാവശ്യം സബ്മിഷൻ കൊണ്ടുവന്ന അവസരത്തിൽ അടുത്ത നിയമസഭയിൽ കൊണ്ടുവരാമെന്ന് ഞാൻ പറഞ്ഞിട്ടില്ല. അത് ഗവൺമെന്റ് ഉണ്ടാക്കും. ഗവൺമെന്റ് ആലോചിക്കുമെന്ന് പറഞ്ഞത് ശരിയാണ്. ഗവൺമെന്റ് അത് ഡ്രാഫ്റ്റ് ചെയ്തിട്ടുണ്ട്. അതിന്റെ നടപടികളും തുടർന്നു വരുന്നുവെന്ന് മാത്രം ഞാൻ അറിയിക്കുകയാണ്.

(12) മങ്കട പ്രൈമറി ഹെൽത്ത് സെന്ററിന്റെ ശോച്യാവസ്ഥ

ശ്രീ. കെ. പി. എ. മജീദ് : സർ, എന്റെ നിയോജകമണ്ഡലത്തിൽപ്പെട്ട മങ്കട പ്രൈമറി ഹെൽത്ത് സെന്ററിന്റെ ശോച്യാവസ്ഥ ഗവൺമെന്റിന്റെ ശ്രദ്ധയിൽക്കൊണ്ടു വരികയാണ്. ഇതിന്റെ കീഴിൽ വരുന്ന പഞ്ചായത്തിലുള്ള എല്ലാ ആശുപത്രികളുടെയും ഡിസ്പെൻസറികളുടെയും മൊത്തത്തിലുള്ള ചുമതല ഈ ബ്ലോക്ക് പി. എച്ച്. സി. യ്ക്ക് ആണ് ഉണ്ടായിരുന്നത്. ഈ പി. എച്ച്. സി. യിൽ ഐ. പി. പി. മുഖേന വരുന്ന സ്ത്രീകൾക്കു മാത്രമായി ഒരു ബ്ലോക്ക് ഉണ്ടായിരുന്നു. നേരത്തെ അവിടെ നാല് ഡോക്ടർമാരുണ്ടായിരുന്നു. ഇപ്പോൾ രണ്ട് ഡോക്ടർമാരാണുള്ളത്. ലേഡി ഡോക്ടർ ഇല്ലാത്തതുകൊണ്ട് സ്ത്രീകൾക്ക് മാത്രമായിട്ടുള്ള വാർഡിൽ സ്ത്രീകളെ അഡ്മിറ്റ് ചെയ്യാൻ കഴിയാത്ത സ്ഥിതിയാണുള്ളത്. കൂടിവെള്ള പ്രശ്നത്തിലും മറ്റ് കാര്യത്തിലുമെല്ലാം മുൻകൈയെടുത്ത് പ്രശ്നങ്ങൾ തീർത്തുവെങ്കിലും അത്യാവശ്യം വേണ്ട ഡോക്ടർമാർ ഇല്ലാത്തതുകൊണ്ട് വളരെ പ്രയാസമുണ്ടായിട്ടുണ്ട്. പ്രത്യേകിച്ച് ലേഡി ഡോക്ടർമാർ ഇല്ലാത്തതുകൊണ്ട് നിലവിലുള്ള വാർഡ് തന്നെ പൂട്ടിക്കിടക്കുന്ന ദുരവസ്ഥയാണ് വന്നിട്ടുള്ളത്. ആവശ്യത്തിന് ഡോക്ടേഴ്സിനെ നിയമിക്കാനും അവിടെയുള്ള ഇന്നത്തെ പോരായ്മ പരിഹരിക്കാനും ആവശ്യമായിട്ടുള്ള അടിയന്തിര നടപടികൾ ഗവൺമെന്റ് സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ആരോഗ്യ വകുപ്പുമന്ത്രി (ശ്രീ. വി. എം. സുധീരൻ) : സർ, അങ്ങ് പറഞ്ഞ കാര്യം വളരെ ഗൗരവമായിട്ട് തന്നെ എടുത്തിട്ടുണ്ട്. മങ്കട പി.എച്ച്.സി. യിൽ നേരത്തെ 4 ഡോക്ടർമാരുണ്ടായിരുന്നു. അതിൽ രണ്ട് പേരെ 30-8-1994-ൽ മറ്റ് പി.എച്ച്.സി. യിലേക്ക് ട്രെമ്പററിയായിട്ട് ഷിഫ്റ്റ് ചെയ്തതായിട്ടാണ് കാണുന്നത്. ഒരുപക്ഷേ അവിടെ 4 ഡോക്ടർമാരുടെ ആവശ്യമില്ലെന്നു കണ്ടതുകൊണ്ടായിരിക്കും. അതല്ലെങ്കിൽ മറ്റ് സ്ഥലങ്ങളിൽ ആവശ്യം വന്നതുകൊണ്ടാകും. എന്തായാലും അങ്ങയുടെ അഭ്യർത്ഥന മാനിച്ചുകൊണ്ടും ജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ട് കണക്കിലെടുത്തുകൊണ്ടും അവിടെ നിന്നും മാറിയ തസ്തിക ഇനി മടക്കിക്കൊടുക്കുന്നതിന് പ്രത്യേക നിർദ്ദേശം നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly